**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4053</u>** **<u>09-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>റോഡ് ടാറിങ്ങിന് ഷ്രെഡഡ് പ്ലാസ്റ്റിക്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് ടാറിങ്ങിന് നിശ്ചിത ശതമാനം ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇന്ത്യൻ റോഡ് കോൺഗ്രസ് IRCSP 98/2013 “Guidelines for the use of waste plastic in hot bituminous Mixes” എന്ന കോഡ് പ്രകാരം ഷ്രെഡ്സ് പ്ലാസ്റ്റിക്, ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ട്. 11/08/2016 ലെ എച്ച്2/89/2016 – പി.ഡബ്ല്യൂഡി നമ്പർ സർക്കാർ കത്ത് പ്രകാരം റോഡ് നിർമ്മാണം, അറ്റകുറ്റപണികൾ, പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ നടത്തുമ്പോൾ റബ്ബറൈസ്ഡ് ബിറ്റുമിൻ (NRMB), വേസ്റ്റ് പ്ലാസ്റ്റിക്, കയർ, ജിയോ ടെക്സ്റ്റയിൽസ് തുടങ്ങിയവ ആവശ്യാനുസരണം പരമാവധി സ്ഥലങ്ങളിൽ ഉപയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH 3044/24/2015 S&R(R) തീയതി 9/11/2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയിലുള്ള 50 കി.മി. ചുറ്റളവിനകത്ത് വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത് പരിശോധിക്കാനും വിലയിരുത്താനും സംസ് ഥാനതല നിരീക്ഷണ സമിതി രൂപവത്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഇത് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും സംസ്ഥാന തല നിരീക്ഷണ സമിതി രൂപവൽക്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചു എന്ന് ഉറപ്പു വരുത്തുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാധ്യസ്ഥരാണ്. |
| (സി) | റോഡ് ടാറിങ്ങിന് ഇത്തരം പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന പ്രതിരോധശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ ഗുണങ്ങളാണ്. കൂടാതെ |

| | | | |
|---|---|---|---|
| | | | പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതുമൂലം ഇവ പരിസ്ഥിതി സൗഹൃദമാകുന്നു. |

സെക്ഷൻ ഓഫീസർ